16 (*226) നാണ്യവിളകൾക്ക് നികുതി കുറയ്ക്കുന്നതിന് നടപടി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. രാഘവൻ :
ശ്രിമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് വില്പനനികുതിക്ക് ഏകീകൃത നിരക്ക് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാണ്യവിളകൾക്ക് നികുതി കുറയ്ക്കുന്നതി നായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് കുരുമുളക്, ഏലം, അടക്ക എന്നീ നാണ്യവിള കൾക്ക് മുൻപ് എത്ര ശതമാനം വില്പനനികുതിയാണ് ഏർപ്പെടുത്തിയിരു ന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏകീകൃത വില്പനനികുതി ഏർപ്പെടുത്തിയതിനുശേഷം കുരു മുളക്, ഏലം, അടക്കാ തുടങ്ങിയ നാണ്യവിളകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വില്പനനികുതി എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) നാണ്യവിളകൾക്കുള്ള വില്പനനികുതി കുറച്ചതുകൊണ്ട് അവ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് എത്രകണ്ടു സാധിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) 1.1.2000-മുതൽ സംസ്ഥാനത്ത് വില്പന നികുതിക്ക് ഏകീ കൃത തറനിരക്ക് നടപ്പാക്കിയപ്പോൾ നാണ്യവിളകൾക്ക് മുൻപുണ്ടായിരുന്നതി നെക്കാൾ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ട്. അടയ്ക്ക, കുരുമുളക്, ഏലം എന്നി വയുടെ വർദ്ധിച്ച നികുതി നിരക്കിൽ കുറവു വരുത്തിയിട്ടുണ്ട്. സർച്ചാർജ്ജ് പൂർണ്ണമായി എടുത്തുമാറ്റിയതിന്റെ ഭാഗമായി മറ്റുവിളകളുടെയും നിരക്കിൽ കുറവുണ്ട്.

(സി) 5% വില്പനനികുതിയും സർച്ചാർജ്ജും.

(ഡി) 1.1.2000 മുതൽ 8 ശതമാനമായിരുന്നു. എന്നാൽ ഈ നികുതി 1.1.2000 മുതൽ 4% ആയി കുറച്ചിട്ടുണ്ട്.

(ഇ) അയൽ സംസ്ഥാനങ്ങളുമായി നികുതിനിരക്കിൽ വ്യത്യാസമി ല്ലാത്തതിനാൽ കള്ളക്കടത്തുനടത്തേണ്ട കാര്യമില്ല. ആയതിനാൽ സ്വാഭാവിക മായി കള്ളക്കടത്തും കുറയുമെന്നാണ് പ്രതീക്ഷ.

17 (*227) പൊന്മുടി വർഷം

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രി. ജോർജ്ജ്. ജെ. മാത്യു:
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly